# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2601 — 18.06.2014 ലെ മറുപടിക്ക്

### വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി. യു. കുരുവിള | | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ പുതുതായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ താഴെ വിവരിക്കുന്നു:<br>• അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഈ വർഷം 8 അന്താരാഷ്ട്ര വ്യാപാരമേളയും, 13 റോഡ്ഷോയും സംഘടിപ്പിക്കുന്നു.<br>• ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ഈ വർഷം 31 ദേശീയ വ്യാപാര മേളകളിൽ പങ്കാളിത്തവും 20 റോഡ്ഷോകളും സംഘടിപ്പിക്കുന്നു.<br>• കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾബ്രാന്റിംഗ്, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർ പോർട്ട് ഡിസ്പ്ലേ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി അൽ-ജസീറ ചാനൽ വഴിയുള്ള പരസ്യപ്രചാരണം, മധ്യേഷ്യൻ രാജ്യങ്ങളിലെ എയർപോർട്ടു |

(..........2)

കളിൽ ഡിസ്‌പ്ലേ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങളായ സുഗന്ധ വ്യഞ്ജനങ്ങളുടെ പ്രസിദ്ധിയും മേന്മയും ലോകമെമ്പാടും പ്രചരിപ്പിക്കുന്ന തിനുള്ള നടപടികൾ.

- സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവയിലൂടെ വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ. YouTube ലൂടെ നിശാഗന്ധി നൃത്തോൽസവം തത്സമയ പ്രക്ഷേപണം.
- Bloggers Camp, Online Painting Competition, കേരളത്തിന്റെ തനതായ ഉത്സവങ്ങളും കലകളും മറ്റും ഉൾക്കൊള്ളുന്ന പുതിയ വീഡിയോ സി.ഡി., Ariel-shot മുഖേന കേരള ഗ്രേറ്റ് ബാക്ക് വാട്ടേഴ്സ് എന്ന പേരിൽ പുതിയ വീഡിയോ ചിത്രം, സ്പൈസ് റൂട്ട് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ, കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ ഒരു നൂതന ടൂറിസം ഉത്പന്നം എന്ന ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ള കേരള സീപ്ലെയിൻ പദ്ധതി.
- മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ എന്നിവ വഴി പരസ്യപ്രചാരണം.
- കൂടാതെ കേരളത്തിനു പുറത്തും, വിദേശ രാജ്യങ്ങളിലും വിവിധ ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങൾ, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ, ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യപ്രചാരണം
- 2013-ലേതുപോലെ 2014-ലും JATA (Japan Association of Travel Agents) ടൂറിസം മേളയിൽ ടൂറിസം വകുപ്പ് പങ്കെടുക്കുന്നു.
- ഫിൻലാന്റിലെ ഹെൽസിങ്കിയിൽ ഒരു റോഡ്ഷോയും ഈ വർഷം നടത്തുന്നു. ഹംഗറി, മലേഷ്യ, ന്യൂസിലാന്റ് എന്നീ

(..........3)

രാജ്യങ്ങളിലെ ടൂറിസം ഫെയറുകളിൽ / റോഡ്ഷോകളിൽ പങ്കെടുക്കുന്നു.

- കേരളത്തിനു വിപണി സാധ്യതയുണ്ടെന്ന് വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽനിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുന്നതിനായി വിസ ഓൺ അറൈവൽ എന്ന സംവിധാനം നടപ്പിലാക്കിവരുന്നു. പ്രസ്തുത സംവിധാനത്തിന്റെ പ്രചാരണത്തിനായി മേഖലയിലെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി വിനോദസഞ്ചാര വകുപ്പ് 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മൽസര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളിൽ നിന്നും വരുന്ന സഞ്ചാരികൾക്ക് കേരളത്തിന്റെ വൈവിധ്യമാർന്ന കാഴ്ചകളും സംസ്കാരങ്ങളും രുചികളും പരിചയപ്പെടുത്തുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ഫെയ്സ്ബുക്ക്, ട്വിറ്റർ, ഗൂഗിൾ പ്ലസ്, ഇൻസ്റ്റാഗ്രാം, പിന്റ്റെസ്റ്റ് തുടങ്ങിയ സോഷ്യൽ മീഡിയ സൈറ്റുകളിലൂടെയുള്ള പ്രചാരണമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ